നം.2175 /എസ്റ്റാ.സി.3/ 09/സി.ആർ.ഡി

ഗ്രാമവികസന കമ്മിഷണറാഫീസ്
എൽ.എം.എസ്സ്. കോമ്പൗണ്ട്
തിരുവനന്തപുരം. തീയതി. 28.01.2009

## സർക്കുലർ

**വിഷയം : ഗ്രാമവികസന വകുപ്പ് -ജീവനക്കാര്യം - ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം 2009- മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.**

സൂചന: 1) ജി.ഒ(എം.എസ്) 105/2007/എൽ.എസ്.ജി.ഡി തീയതി 04.04.2007
2) ജി.ഒ (എം.എസ്) നം. 54/2008/ത.സ്വ.ഭ.വ തീയതി. 03.03.08

ഗ്രാമവികസന വകുപ്പിലെ 2009 വർഷത്തെ പൊതു സ്ഥലമാറ്റഉത്തരവ് പുറപ്പെടുവിയ്ക്കുന്നതിലേയ്ക്കായി വിവിധ വിഭാഗം ജീവനക്കാരുടെ സ്ഥലമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നതിന് താഴെപ്പറയുന്ന മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. മേൽ സൂചനകളിൽ പറഞ്ഞിട്ടുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നത്.

1 സ്ഥലംമാറ്റ അപേക്ഷ നൽകാൻ ആഗ്രഹിക്കുന്ന ജീവനക്കാർ നിശ്ചിത പ്രൊഫോർമയിൽ **(പ്രൊഫോർമ ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്)** അപേക്ഷകൾ ആഫീസ് മേലധികാരികൾ മുഖേന അതാത് അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്ക് സമർപ്പിക്കേണ്ടതാണ്.

2 അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർ സ്ഥലംമാറ്റ അപേക്ഷ നൽകുന്നതിനുള്ള പ്രൊഫോർമ ജില്ലയിൽ ജോലി നോക്കുന്ന എല്ലാ ജീവനക്കാരുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.

3 അപേക്ഷകർ സ്ഥലംമാറ്റ അപേക്ഷകൾ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർ മുഖേന മാത്രം സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മുൻകൂർ പകർപ്പ് ഒരു കാരണവശാലും ഗ്രാമവികസന കമ്മീഷണർക്ക് നേരിട്ട് സമർപ്പിക്കുവാൻ പാടുള്ളതല്ല. ഇതിനു വിരുദ്ധമായി ലഭിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

4 അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർ തങ്ങളുടെ ആഫീസിൽ ലഭിക്കുന്ന അപേക്ഷകൾ തസ്തിക തിരിച്ച് സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ ശുപാർശ സഹിതം സി.ആർ.ഡിയ്ക്ക് നൽകേണ്ടതാണ്.

5 അപേക്ഷകർ തങ്ങൾക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മാനദണ്ഡങ്ങളിൽ നിശ്ചയിച്ചിട്ടുള്ള പ്രത്യേക പരിഗണന ആവശ്യപ്പെടുകയാണെങ്കിൽ ആയത് സാധൂകരിക്കുന്നതിനുള്ള ആവശ്യമായ രേഖകളുടെ ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിട്ടുള്ള പകർപ്പുകൾ അപേക്ഷയോടൊപ്പം വയ്ക്കേണ്ടതാണ്.

6 സ്ഥലംമാറ്റ അപേക്ഷകൾ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്ക് നൽകേണ്ട അവസാന തീയതി 20.02.2009 ആണ്. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)മാർ അപേക്ഷകൾ ക്രോഡീകരിച്ച് ആവശ്യമായ ശുപാർശ സഹിതം സി.ആർ.ഡിയിൽ 28.02.2009 ന് 5 മണിക്കകം ലഭ്യമാക്കേണ്ടതാണ്.

7 സ്ഥലമാറ്റത്തിനു നൽകുന്ന അപേക്ഷകൾ നിശ്ചിത പ്രൊഫോർമയിൽ തന്നെ നൽകേണ്ടതാണ്. 2008 ലെ പൊതു സ്ഥലമാറ്റത്തിന് അപേക്ഷകൾ സ്വീകരിച്ച അവസാന തീയതിയ്ക്കു ശേഷം സ്ഥലംമാറ്റ അപേക്ഷകൾ നൽകിയിട്ടുള ജീവനക്കാർ പുതുതായി അപേക്ഷ നൽകിയാൽ മാത്രമേ അവരുടെ അപേക്ഷകൾ 2009 ലെ പൊതു സ്ഥലമാറ്റത്തിന് പരിഗണിക്കുകയുള്ളു.

8 2008 ലെ പൊതുസ്ഥലംമാറ്റപട്ടികയിൽ ഉൾപ്പെട്ട് ഇതിനകം സ്ഥലംമാറ്റം ലഭിച്ചിട്ടുള്ള ആളുകൾ ഈ പൊതുസ്ഥലംമാറ്റത്തിന് അർഹരല്ല

9 ജില്ലയ്ക്കകത്തുള്ള സ്ഥലംമാറ്റ അപേക്ഷകളും പരിശോധിക്കുന്നതും സ്ഥലം മാറ്റം നടപ്പിലാക്കുന്നതും സൂചനകളിലെ മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കണമെന്നും അറിയിക്കുന്നു.

10 നിലവിൽ ജോലി ചെയ്യുന്ന സ്റ്റേഷന്റെ 20 Km ചുറ്റളവിലുള്ള സ്റ്റേഷനുകളിലേക്കുള്ള സ്ഥലം മാറ്റ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

11 പൊതുസ്ഥലമാറ്റത്തിന് ആഗ്രഹിക്കുന്ന മൂന്ന് സ്റ്റേഷനുകളുടെ പേര് വ്യക്തമായി സൂചിപ്പിച്ചിരിക്കണം. ജില്ലയുടെ പേര് മാത്രം സൂചിപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

12 തുടർച്ചയായ 5 വർഷക്കാലമായി ഒരേ സ്റ്റേഷനിൽ ജോലി ചെയ്യുന്ന ആളുകൾക്കും പ്രൊമോഷൻ ലഭിച്ചപ്പോൾ സീനിയറായ ആളുകൾ പുറത്തു നില്ക്കെ, സ്വന്തം ജില്ലയിൽ സൗകര്യപ്രദമായ നിയമനം ലഭിച്ചവർക്കും നിർബന്ധിത സ്ഥലംമാറ്റം നൽകുന്നതാണ്. മേൽ സൂചിപ്പിച്ച ജീവനക്കാർക്കും പൊതു സ്ഥലം മാറ്റത്തിൽ അപേക്ഷ നൽകി സൗകര്യപ്രദമായ സ്റ്റേഷനുകൾ ചൂണ്ടിക്കാണിയ്ക്കാവുന്നതാണ്.

13 ഗ്രാമവികസന വകുപ്പ് ജീവനക്കാരുടെ പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷാഫോറവും, സർക്കുലറും **www.crd.kerala.gov.in** എന്ന വെബ് സൈറ്റിൽ സൗജന്യമായി ലഭ്യമാകുന്നതാണ്.

14 മേൽപ്പറഞ്ഞ മാർഗ്ഗനിർദേശങ്ങൾ കർശനമായി പാലിക്കുവാൻ ഗ്രാമവികസന വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥരോടും അഭ്യർത്ഥിക്കുന്നു.

*സമയക്രമം*

| | |
|---|---|
| 1. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ) മാർക്ക് അപേക്ഷ നൽകേണ്ട അവസാന തീയതി | - 20.02.2009 |
| 2. അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാരിൽ നിന്നും. ശുപാർശ സഹിതം സി.ആർ.ഡിയിൽ ലഭിക്കേണ്ട അവസാന തീയതി | - 28.02.2009 |
| 3. അർഹതയുള്ളവരുടെ കരട് ലിസ്റ്റ് പ്രസിദ്ധീകരിയക്കൽ | - 10.03.2009 |
| 4. കരട് ലിസ്റ്റിൻമേലുള്ള പരാതി സി.അർ.ഡിയിൽ ലഭിക്കേണ്ട അവസാന തീതയി | - 20.03.2009 |
| 5. അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിയ്ക്കുന്ന തീയതി | - 31.03.2009 |

***ഒപ്പ്***

**ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി**

***പകർപ്പ് :- എല്ലാ എ.ഡി.സി (ജനറൽമാർക്കും.)/പ്രോജക്ട് ഡയറക്ടർമാർക്കും. (ജില്ലയിലെ ഗ്രാമവികസന വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസ് മേധാവികളെയും. സർക്കുലർ സംബന്ധിച്ച വിവരം ധരിപ്പിയ്ക്കേണ്ടതാണ്)***

***ഗ്രാമവികസന വകുപ്പ്***

## ***പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ***

*(ജി.ഒ(പി) നം. 105/07/തസ്വഭവ തീയതി. 04.04.2008)*
*(ജി.ഒ (എം.എസ് നം. 54/2008/ത.സ്വ.ഭ.വ തീയതി. 03.03.2008)*

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | ഉദ്യോഗപേര് | |
| 3 | ഓഫീസ് മേൽ വിലാസം | |
| 4 | ജനന തീയതി | |
| 5 | ഇപ്പോഴത്തെ ഓഫീസിൽ / ജില്ലയിൽ തുടർച്ചയായി ജോലിയിൽ പ്രവേശിച്ച തീയതി (ഉദ്യോഗക്കയറ്റം /നിയമന ഉത്തരവ് നമ്പർ തീയതി) | |
| 6 | ഇപ്പോഴത്തെ ഓഫീസിൽ ജോലിയിൽ പ്രവേശിയ്ക്കുന്നതിന് മുൻപ് സ്വന്തംജില്ലയ്ക്ക് പുറത്ത് ജോലി ചെയ്ത കാലയളവും തസ്തികയും സ്റ്റേഷനും | |
| 7 | സ്ഥലംമാറ്റം- പ്രത്യേക പരിഗണനയുണ്ടെങ്കിൽ (ഉണ്ടെങ്കിൽ രേഖ ഹാജരാക്കണം) | വികലാംഗർ/മിശ്രവിവാഹിതർ/മിലിട്ടറി ആശ്രിതർ/എസ്.സി, എസ്.റ്റി/വിദൂര സ്ഥല സേവനം/വിരമിക്കൽ 2 വർഷം /സഹതാപർഹമായ കാരണം /മറ്റുള്ളവ ബാധകമല്ല |
| 8 | സ്ഥിര താമസ വിലാസം | |
| 9 | സ്ഥലംമാറ്റം ലഭിക്കുവാൻ ആഗ്രഹിക്കുന്ന സ്റ്റേഷനുകൾ (ജില്ലയുടെ പേര് ഉൾപ്പെടെ) | 1.<br>2.<br>3. |

മുകളിൽ പ്രസ്താവിച്ചിരുക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു.

***സ്ഥലം :***
***തീയതി :***

***ഒപ്പ്***
***അപേക്ഷകന്റെ പേര്***

അപേക്ഷകന്റെ സേവന പുസ്തകം/ബന്ധപ്പെട്ട സർവ്വീസ് രേഖകൾ പരിശോധിച് മേൽ പ്രസ്താവിച്ച വിവരം ശരിയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

***സ്ഥലം :***
***തീയതി :***

***ഓഫീസ് മേലധികാരിയുടെ ഒപ്പ്,***
***ഉദ്യോഗപ്പേര് ;***

അപേക്ഷ 04.04.2007, 03.03.2008 ലേയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിഗണി യ്ക്കുവാൻ ശുപാർശ ചെയ്യുന്നു.

താഴെപ്പറയുന്ന കാരണത്താൽ അപേക്ഷ നിരസിക്കാവുന്നതാണ്.

***സ്ഥലം :***
***തീയതി :***

***അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)***

**<u>ഓഫീസ് ഉപയോഗത്തിന് മാത്രം</u>**

| | | |
|---|---|---|
| 1 | അപേക്ഷകന്റെ പേര് | |
| 2 | ഉദ്യോഗപേര് | |
| 3 | സ്വന്തം ജില്ലയ്ക്ക് പുറത്ത് എത്ര കാലമായി ജോലി ചെയ്യുന്നു | |
| 4 | സ്ഥലം മാറ്റത്തിന്റെ മുൻഗണന നിശ്ചയിച്ച സീനിയോറിറ്റി നമ്പർ | |

സെക്ഷൻ ക്ളാർക്ക് :

സെക്ഷൻ ഓഫീസർ :

അപേക്ഷ അംഗീകരിച്ചു/നിരസിച്ചു

ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി